തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ്‌വർക്ക് പരീക്ഷ

**ഫെബ്രുവരി 2025**

**MLS PCW 2403**

# സാഹിത്യപഠനം

## സമാന്തരപ്രസിദ്ധീകരണങ്ങളും സാംസ്കാരിക വിമർശവും

**സമയം: 3 മണിക്കൂർ** **മാർക്ക്:100**

**I. രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.**

**(8X5 = 40)**

1. സമാന്തരം/ മുഖ്യധാര - ഈ വിഭജനത്തിന്റെ യുക്തി പരിശോധിക്കുക.
2. പരിസ്ഥിതി പ്രശ്നങ്ങളെ സമാന്തര മാസികകൾ ഏറ്റെടുത്തതെങ്ങനെ?- മാതൃകകൾ മുർനിർത്തി ചർച്ച ചെയ്യുക.
3. പി. കെ. രാജശേഖരന്റെ 'പക്ഷിക്കൂട്ടങ്ങൾ' എന്ന പുസ്തകത്തിന്റെ സമീപന രീതി മാസിക പഠനങ്ങളിൽ എങ്ങനെ വേറിട്ട് നിൽക്കുന്നു?
4. 'മാധ്യമങ്ങളുടെ രാഷ്ട്രീയം സംസ്കാരത്തിന്റെ രാഷ്ട്രീയം' എന്ന ലേഖനത്തിൽ സച്ചിദാനന്ദൻ മുൻപോട്ടുവെക്കുന്ന കാഴ്ചപ്പാടുകൾ ലിറ്റിൽ മാഗസിനുകളുടെ സാമൂഹിക രാഷ്ട്രീയസന്ദർഭത്തിൽ എത്രമാത്രം പ്രസക്തമാണ്?
5. എം. ഗോവിന്ദന്റെ സമാന്തരപ്രസിദ്ധീകരണ സംരംഭങ്ങളെ വിലയിരുത്തുക.
6. സമകാലിക പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിൽ ലിറ്റിൽ മാഗസിനുകൾ പുലർത്തിയ വൈവിധ്യം ചർച്ച ചെയ്യുക.
7. അയ്യപ്പപ്പണിക്കരുടെ നേതൃത്വത്തിൽ പുറത്തിറങ്ങിയ കേരളകവിതയുടെ പ്രസക്തി നിരൂപിക്കുക.
8. കേരളത്തിൽ അച്ചടിയുടെയും പത്രപ്രവർത്തനത്തിന്റെയും വ്യാപനത്തെ സംബന്ധിച്ച ഇ.വി.രാമകൃഷ്ണന്റെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
9. കേരളത്തിൽ സമാന്തര മാസികകളിലൂടെ രൂപപ്പെട്ടുവന്ന രാഷ്ട്രീയ ഭാവുകത്വത്തെ പരിശോധിക്കുക.
10. സമാന്തര മാസികകൾ രൂപപ്പെടുത്തിയ സാഹിത്യഭാവുകത്വത്തിന്റെ സ്വഭാവമെന്ത്? മാതൃകകൾ മുൻനിർത്തി പരിശോധിക്കുക.

**II. അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.**

**(3X20=60)**

11. മലയാളത്തിൽ പുറത്തുവന്നിട്ടുള്ള സമാന്തരപ്രസിദ്ധീകരണങ്ങൾ ആധുനികതയുടെ പശ്ചാത്തലത്തിൽ നടത്തിയിട്ടുള്ള ഇടപെടലുകൾ വിലയിരുത്തുക.
12. സമാന്തരപ്രസിദ്ധീകരണങ്ങൾ രൂപപ്പെടുത്തിയ ജ്ഞാനമണ്ഡലത്തെ കേരളത്തിന്റെ ചരിത്രപരവും സാമൂഹികവുമായ സന്ദർഭങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.
13. ലിറ്റിൽ മാഗസിനുകളിലൂടെ പുറത്തുവന്ന കവിതാവിവർത്തനങ്ങൾ മലയാള കവിതയുടെ ഭാവുകത്വത്തിൽ ചെലുത്തിയ സ്വാധീനത്തെ അടയാളപ്പെടുത്തുക.
14. മലയാള സമാന്തര മാസികകളുടെ വർഗീകരണത്തിനും വിശകലനത്തിനും സ്വീകരിക്കാവുന്ന മാനദണ്ഡങ്ങളെ കുറിച്ച് ഉപന്യസിക്കുക.

******